യെപ്പറ്റിയും മറ്റും സംസ്ഥാന നിയമസഭ സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ട് ചർച്ചചെയ്യുന്ന അവസരത്തിൽ പരിഗണിക്കാവുന്നതാണ്.

6. സർവ്വകലാശാല സിൻഡിക്കേറ്റ്, ചാൻസലറുടെയോ, സംസ്ഥാന ഗവൺമെൻറിന്റേയോ, രണ്ട് നോമിനികളും മറ്റു സർവ്വകലാശാലകളിലെ രണ്ട് വിദ്യാഭ്യാസ വിദഗ്ദ്ധൻമാർ പ്രിൻസിപ്പിൽമാർ, ഡീനുകൾ, വകുപ്പ് മേധാവികൾ ഇവർ ഉൾക്കൊള്ളുന്നതും 13 അംഗങ്ങളിൽ കവിയാത്തതുമായ ഒരു ചെറിയ സമിതി ആയിരിക്കണം.

7. അക്കാഡമിക് കൗൺസിലിൽ അദ്ധ്യാപകരുടെ അംഗത്വം തെരഞ്ഞെടുപ്പിലൂടെ ആയിരിക്കരുത്. അത് റൊട്ടേഷൻ അനുസരിച്ചായിരിക്കണം.

8. ബോർഡ് ഓഫ് സ്റ്റഡീസിലെ മെമ്പർഷിപ്പ് റൊട്ടേഷൻ അനുസരിച്ചായിരിക്കണം. അദ്ധ്യാപകരുടെ യോഗ്യത, അവരുടെ സെലക്ഷൻ എന്നിവ യു.ജി.സി. നിർദ്ദേശ പ്രകാരം ആയിരിക്കണം.

9. ഫിനാൻസ് കമ്മിറ്റിയിൽ സിൻഡിക്കേറ്റിലെ മൂന്ന് അനദ്ധ്യോഗിക അംഗങ്ങൾ ഉണ്ടായിരിക്കണം.

10. സർവ്വകലാശാലയിലെ വാർഷിക റിപ്പോർട്ടും കണക്കും ചാൻസലർക്ക് കൂടി നൽകാനുള്ള വ്യവസ്ഥ വേണം. സർവ്വകലാശാലാ നിയമനത്തിനുള്ള യോഗ്യത മുതലായവ യു.ജി.സി. മാർഗ്ഗ രേഖ പ്രകാരം വേണം.

11. യൂണിവേഴ്സിറ്റി യൂണിയന്റെ ആവശ്യകത പരിശോധിക്കണം.

(ബി) മേൽപ്പറഞ്ഞ നിർദ്ദേശങ്ങളിൽ, പ്ലാനിംഗ് ബോർഡ് രൂപീകരണം, ബോർഡ് ഓഫ് സ്റ്റഡീസിലെ മെമ്പർഷിപ്പ്, ഫൈനാൻസ് കമ്മിറ്റിയിൽ സിൻഡിക്കേറ്റ് മെമ്പർമാരുടെ നിയമനം, വാർഷിക റിപ്പോർട്ടും കണക്കും, ചാൻസലർക്ക് സമർപ്പിക്കൽ എന്നീ കാര്യങ്ങളെ സംബന്ധിച്ച യു.ജി.സി. നിർദ്ദേശങ്ങൾ അംഗീകരിച്ച് അവരെ അറിയിച്ചിട്ടുണ്ട്. മറ്റു നിർദ്ദേശങ്ങളിൽമേൽ, ഡോ. മാൽക്കം ആദിശേഷയ്യാ കമ്മീഷൻ നൽകിയിട്ടുള്ള അഭിപ്രായങ്ങൾകൂടി പരിഗണിച്ചതിനുശേഷമേ ഒരു തീരുമാനമെടുക്കാൻ ഉദ്ദേശിക്കുന്നുള്ളൂ.

ഇലക്ട്രിസിറ്റി ബോർഡിലെ സ്റ്റോർ കീപ്പർ തസ്തിക

* 170 [216] ശ്രീ. കെ.പി. രാമൻ:

" പി. സീതിഹാജി:

" എ.വി. അബ്ദു റഹിമാൻ ഹാജി:

" കെ.പി.എ. മജീദ്:

" സി.ടി. അഹമ്മദലി:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിലെ സ്റ്റോർ കീപ്പർ തസ്തിക നിർത്തലാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഈ നടപടി പുനപരിശോധിക്കാൻ ഗവൺമെൻറ് വല്ല നിർദ്ദേശവും ബോർഡിനു നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്നു മുതൽ എന്ന് വ്യക്തമാക്കാമോ?

ധനകാര്യവും നിയമവും വകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി):

(എ) ഇലക്ട്രിസിറ്റി ബോർഡിലെ സ്റ്റോർ സംവിധാനത്തിൻറെ സമഗ്രമായ പുനഃസംഘടനയുടെ ഭാഗമായി അധികം വന്ന 59 സ്റ്റോർ കീപ്പറൻമാരുടേയും 51 അസിസ്റ്റൻറ് സ്റ്റോർ കീപ്പർമാരുടേയും തസ്തികകൾ നിറുത്തലാക്കിക്കൊണ്ട് 22-4-1985-ൽ ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു കാരണം ആരേയും തരം താഴ്ത്തുകയോ പിരിച്ചുവിടുകയോ ചെയ്തിട്ടില്ല.

(ബി, സി) ബോർഡുത്തരവു നടപ്പിലാക്കുമ്പോൾ അതിൻറെ ഫലമായി ആരേയും തരം താഴ്ത്തരുതെന്ന് 17-8-1985-ൽ നിർദ്ദേശം നികിയിട്ടുണ്ട്.

അക്കാനി വിൽപ്പന നടത്തുന്നതിന് പെർമിറ്റ്

* 171 [217] ശ്രീ. കാനം രാജേന്ദ്രൻ:

ശ്രീ കെ.പി. പ്രഭാകരൻ:

ശ്രീ കെ.ഇ. ഇസ്മയിൽ:

ശ്രീമതി മാർഗ്ഗരറ്റ് തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെക്കൻ കേരളത്തിൽ പനയിൽ നിന്നുൽപ്പാദിപ്പിക്കുന്ന 'അക്കാനി' എന്ന പാനീയം വിൽപ്പന നടത്തുന്നതിന് പെർമിറ്റ് ആവശ്യമുണ്ടോ;

(ബി) പനകയറ്റ വ്യവസായ സഹകരണ സംഘം അതിന് അപേക്ഷിക്കുകയുണ്ടായോ;

(സി) എങ്കിൽ ഗവൺമെൻറ് അനുവാദം നിഷേധിക്കുകയുണ്ടായിട്ടുണ്ടോ?

എക്സൈസ് വകുപ്പു മന്ത്രി (ശ്രീ. എൻ. ശ്രീനിവാസൻ):

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

തീരുമാനമാകാതെ കിടക്കുന്ന കേസ്സുകൾ

* 172 [218] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരുമാനമാകാതെ കിടക്കുന്നത് എത്ര കേസ്സുകൾ സംസ്ഥാനത്തെ വിവിധ കോടതികളിൽ ഇപ്പോൾ ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly